(10) ഇടക്കൊച്ചി രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം

ശ്രീ. സി. എം. ദിനേശ് മണി : സർ, രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം കേരളത്തിലെ കായികപ്രേമികളുടേയും യുവജനങ്ങളുടേയും വലിയ ഒരു സ്വപ്നമാണ്. കേരള ക്രിക്കറ്റ് അസോസ്സിയേഷൻ ഇതിനായി എറണാകുളം പട്ടണത്തിന്റെ തിരക്കിൽനിന്നെല്ലാം വളരെ അകന്ന് ഇടക്കൊച്ചി മേഖലയിൽ 23.95 ഏക്കർ സ്ഥലം വാങ്ങുകയും പൊതു ആവശ്യം പരിഗണിച്ച് ഗവൺമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ 1963-ലെ കേരള ഭൂ പരിഷ്കരണ നിയമത്തിന്റെയും 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിന്റേയും കാര്യത്തിൽ ഇളവ് അനുവദിക്കേണ്ടതുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ പൊതു ആവശ്യം പ്രമാണിച്ച് ഇളവുകൾ അനുവദിച്ച കേരള ഗവൺമെന്റ് ഈ രണ്ട് നിയമങ്ങളുടേയും കാര്യത്തിൽ ഇളവ് അനുവദിച്ച് സ്റ്റേഡിയം സ്ഥാപിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം എറണാകുളം ജില്ലയിൽ ഇടക്കൊച്ചിയിൽ നിർമ്മിക്കാനുള്ള ഒരു പ്രൊപ്പോസൽ കേരള ക്രിക്കറ്റ് അസോസ്സിയേഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. സി. എം. ദിനേശ് മണി ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെയെല്ലാം ഒരു ഉന്നതതല കോൺഫറൻസ് വിളിച്ച് കൂട്ടുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(11) തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതി

ശ്രീ. മുള്ളി പെരുനെല്ലി : സർ, സമുദ്രനിരപ്പിൽനിന്ന് ഒന്നര മീറ്ററോളം താഴ്ന്നു കിടക്കുന്ന പ്രദേശങ്ങളാണ് തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ മേഖലകൾ. ഈ കോൾ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി 1978-ൽ പദ്ധതി തയ്യാറാക്കി 2001-ൽ അത് നബാർഡ് അംഗീകരിച്ചതാണ്. പുതിയ പ്രശ്നങ്ങൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ പദ്ധതിക്ക് 2001-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തന്നെ തത്വത്തിൽ ഒരു പദ്ധതി അംഗീകരിച്ചിരുന്നു. പക്ഷേ പിന്നീട് അഞ്ച് വർഷക്കാലം യാതൊരു പുരോഗതിയും ആ രംഗത്ത് ഉണ്ടായില്ല. ഇപ്പോൾ കാർഷിക സർവ്വകലാശാലയും അതുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളും കൃഷിക്കാരുടേയും പാടശേഖര സമിതികളുടേയും സഹായത്തോടുകൂടി പന്ത്രണ്ട് ടാസ്ക് റഫാഴ്സുകൾ രൂപീകരിച്ച് ഈ വിഷയം സംബന്ധിച്ച് പഠിച്ച് സമഗ്രമായ ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഇത് ഏകദേശം 800 കോടിയോളം രൂപയുടെ സമഗ്ര പദ്ധതിയാണ്. നെല്ലുൽപാദന രംഗത്ത് വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ കഴിയുന്ന ഈ സമഗ്ര കോൾ വികസന പദ്ധതി അടിയന്തരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, തൃശൂർ കോൾ നില വികസന പദ്ധതിയുടെ ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. ആർ. കുര്യൻ എന്ന കരാറുകാരൻ പൂർത്തീകരിക്കാതെ ഉപേക്ഷിച്ച് പോയ അത്യാവശ്യമായി ചെയ്തു തീർക്കേണ്ട മറ്റൊരു പദ്ധതി ഉൾപ്പടെ 8.4 കോടി രൂപയുടെ ആറ് പദ്ധതികളിൽ രണ്ട് കോടി രൂപയുടെ പണികൾ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിൽ മിക്കതിന്റേയും പണികൾ പൂർത്തിയാകുകയും ചില പണികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. അതിൽ എം. എം. കനാലിന്റെ പാരാറീച്ചിന്റെ പണി ഏകദേശം 85 ശതമാനം പൂർത്തീകരിക്കുകയും ധനവാക്കൽ കനാലിന്റെ പണികൾ 35 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ബാക്കി പദ്ധതികൾക്കായി 6.17 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ ഈ വർഷം നടത്തേണ്ടതായ പണികൾക്ക് അഞ്ച് കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇതിൽ മുല്ലശ്ശേരി കനാലിന്റെ മുന്നാം റീച്ചിലെ പണി പൂർത്തീകരിച്ചു കഴിഞ്ഞു ബാക്കിയുള്ളവയുടെ പണികൾ നടന്നു വരികയാണ്. തൃശ്ശൂർ–പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി 500 കോടി രൂപയുടെ ഒരു പദ്ധതി ഗവൺമെന്റിന്റെ മുൻപിലുണ്ട്. അത് കർഷകർ, പൊന്നാനി കോൾ വികസന ഏജൻസി, തൃശ്ശൂർ ഏജൻസി, അവിടത്തെ എംഎൽഎ-മാർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ ഇവരുമായുള്ള ചർച്ചകൾ കഴിഞ്ഞതിനുശേഷം ഒരു സമ്പൂർണ്ണ പദ്ധതിയായി സംസ്ഥാന ഗവൺമെന്റിന്റെ മുന്നിലും അതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിലും സമർപ്പിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ജനുവരി അവസാനത്തോടെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്ന രീതിൽ ആ പദ്ധതികൾ കേരള ഗവൺമെന്റിന് സമർപ്പിക്കാൻ കഴിയും. യൂണിവേഴ്സിറ്റിയുടെ ഒരു അദ്ധ്യാപകനും സയന്റിസ്റ്റുമായ .ഡോ. ബാലചന്ദ്രന്റെ നേതൃത്വത്തിലാണ് ഈ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്.

(12) പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

പ്രൊഫ. എൻ. ജയരാജ് : സർ, നിലവിൽ 20,216 കൺസ്യൂമേഴ്സും 175 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും അഞ്ച് ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന പരിധിയുമുള്ള കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് കങ്ങഴ പഞ്ചായത്തിലെ പത്തനാട് കേന്ദ്രമാക്കി പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കറുകച്ചാൽ സെക്ഷനോഫീസിന്റെ കീഴിൽ നാല് സാറ്റലൈറ്റ് ഓഫീസുകളുണ്ട്. ഇവയ്ക്ക് കറുകച്ചാൽ ഹെഡ്ക്വാർട്ടേഴ്സുമായി ഏകദേശം പതിനഞ്ച് കിലോമീറ്റർ വരെ അകലമുണ്ട്. പ്രവർത്തന പരിധി നൂറ് സ്ക്വയർ കിലോമീറ്ററും ഇരുപതിനായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സുമുണ്ടെങ്കിൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്യാമെന്ന വ്യവസ്ഥ നിലവിലുള്ള സാഹചര്യത്തിൽ കറുകച്ചാൽ സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി ഒരു സെക്ഷൻഓഫീസ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly